## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *214** 15.07.2016-ൽ മറുപടിയ്ക്ക്

### ഗോത്രവർഗ്ഗ ക്ഷേമം

**ചോദ്യം**

ശ്രീ.ഒ.ആർ.കേളു
ശ്രീ.രാജു എബ്രഹാം
ശ്രീ.എം.രാജഗോപാലൻ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വനവാസികളായ ഗോത്ര വർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുമോ എന്ന് വ്യക്തമാക്കുമോ; | എ) | വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. |
| ബി) | പ്രസ്തുത വിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും, ദാരിദ്ര്യവും അതുമൂലമുണ്ടാകുന്ന രോഗാവസ്ഥയും പരിഹരിയ്ക്കുന്നതിനായി അവർക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ; | ബി) | വനവാസികളായ പട്ടിക വിഭാഗക്കാരുടെ ഇടയിലുള്ള പോഷകാഹാരക്കുറവും, ദാരിദ്ര്യവും, രോഗാവസ്ഥയും പരിഹരിക്കുന്നതിനായി ഭക്ഷ്യവിതരണ സഹായ പദ്ധതിയും പോഷകാഹാര വിതരണവും നടപ്പിലാക്കി വരുന്നു. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (മുൻ വർഷം 5 കോടി രൂപ വകയിരുത്തി). |
| സി) | തീഷ്ണമായ പോഷകാഹാരക്കുറവ് അനുഭവിയ്ക്കുന്ന എല്ലാ സെറ്റിൽമെന്റു കളിലും കമ്മ്യൂണിറ്റി | സി) | തീഷ്ണമായ പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെട്ട അട്ടപ്പാടി മേഖലയിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ |

| | | | |
|---|---|---|---|
| | കിച്ചനുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ കുറവ് നിമിത്തം ഈ പ്രവർത്തനം ഭാഗീകമായിരുന്നതിനാൽ 3 കോടി രൂപ ഇപ്പോൾ അനുവദിച്ചു. അട്ടപ്പാടിയിലെ 3 പഞ്ചായത്തുകളിലും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. രോഗിയുടെ കൂടെ നിൽക്കുന്ന സഹായിക്ക് നൽകേണ്ട പണം കൊടുക്കാൻ കഴിയാത്തതിന്റെ ഭാഗമായി ഈ പ്രവർത്തനവും ഫലപ്രദമല്ല. പോഷകാഹാരക്കുറവ് ശ്രദ്ധയിൽപ്പെടുന്ന മറ്റ് മേഖലകളിലും കമ്മ്യൂണിറ്റി കിച്ചൺ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. നിലവിൽ അട്ടപ്പാടിയിലെ 186 ഊരുകളിൽ 59 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിക്കുന്നത്. എല്ലാ ഊരുകളിലും കമ്മ്യൂണിറ്റി കിച്ചൺ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ